**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2325** **13-09-2023 - ൽ മറുപടിയ്ക്ക്**

**ഞാറക്കൽ താലൂക്ക് ആശുപത്രിയുടെ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിലെ ഞാറക്കൽ താലൂക്ക് ആശുപത്രിയുടെ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; വിശദമാക്കാമോ; | (എ) | ഞാറയ്ക്കൽ താലൂക്ക് ആശുപത്രിയിൽ 5.92 കോടി രൂപയുടെ GIDA ഫണ്ട് ഉപയോഗിച്ചുള്ള കെട്ടിട നിർമ്മാണം പൂർത്തിയായി ഉദ്ഘാടനം കഴിഞ്ഞു. വൈദ്യുതി കണക്ഷൻ ലഭ്യമാകുന്ന മുറക്ക് ടി കെട്ടിടം തുറന്നു പ്രവർത്തിക്കുന്നതാണ്. ഒരു കോടി രൂപയുടെ പ്ലാൻ ഫണ്ട് ഉപയോഗിച്ച പുതിയ ഫീമെയിൽ വാർഡ് നിർമ്മിച്ചിട്ടുണ്ട്. എം.എൽ.എ ഫണ്ടും, കിഫ്ബി ഫണ്ടും ഉപോഗിച്ച് KMSCL മുഖേന നടന്നു വരുന്ന ഐസൊലേഷൻ വർഡിന്റെ നിർമ്മാണ പ്രവർത്തനത്തിന്റെ 45% പൂർത്തിയായിട്ടുണ്ട്.<br><br>ഞാറയ്ക്കൽ താലൂക്ക് ആശുപത്രിയിൽ ലാബ് ടെക്നീഷ്യൻ -2, അസിസ്റ്റന്റ് ഡെന്റൽ സർജൻ -1, സ്റ്റാഫ് നഴ്സ് -2, ക്ലാർക്ക് -1 എന്നീ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ രാത്രികാല ചികിത്സ നൽകുന്നതിനുവേണ്ടി എൻ.എച്ച്.എം മുഖേന ഡോക്ടറുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | ഇതു സംബന്ധിച്ച് എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നൽകിയ 06.03.2023- ലെ സി1-(ഇ) 163158/2023 നമ്പർ കത്തിലും 23.03.2023-ന് എം.എൽ.എ. ആരോഗ്യ വകുപ്പ മന്ത്രിക്ക് നൽകിയ കത്തിലും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (ബി) | ഇത് സംബന്ധിച്ച് ആരോഗ്യവകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ